പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2940</u>     <u>22.6.2012-ൽ മറുപടിക്ക്</u>

<u>ചാലക്കുടി മുനിസിപ്പാലിറ്റിയിലെ മാലിന്യ നിക്ഷേപം</u>

| <u>ചോദ്യം</u> | | <u>ഉത്തരം</u> |
|---|---|---|
| ശ്രീ. ബി. ഡി. ദേവസ്സി | | ശ്രീ.മഞ്ഞളാംകുഴി അലി (മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) ചാലക്കുടി മുനിസിപ്പാലിറ്റി സ്റ്റേഡിയം നിർമ്മാണത്തിനായി വാങ്ങിയ സ്ഥലത്ത് മാലിന്യങ്ങൾ വൻതോതിൽ നിക്ഷേപിക്കുന്നതു സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) & ബി) | നഗരസഭയിലെ കുടുംബശ്രീ അംഗങ്ങൾ മുഖാന്തിരം ഉറവിടങ്ങളിൽ നിന്നും തരം തിരിച്ചെടുത്ത പ്ലാസ്റ്റിക് ക്യാരിബാഗുകളും, മറ്റു പ്ലാസ്റ്റിക് സാധനങ്ങളും പ്ലാസ്റ്റിക് റീസൈക്കിൾ ചെയ്യുന്ന കമ്പനികൾക്ക് നൽകുന്നതിനായി അവിടെ ശേഖരിച്ചു വച്ചിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ ഇതൊഴിവാക്കുന്നതിനും, മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് കാര്യക്ഷമമായ പദ്ധതികൾ നടപ്പാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ? | | മുടങ്ങിക്കിടന്നിരുന്ന മാലിന്യസംസ്കരണ പ്ലാന്റിന്റെ പ്രവർത്തനം വീണ്ടും സജീവമായതോടെ ഈ സ്ഥലത്ത് ഖരമാലിന്യം നിക്ഷേപിക്കുന്നത് പൂർണ്ണമായും നിർത്തിവച്ചിട്ടുണ്ട്.<br><br>ശുചിത്വമിഷന്റെ സഹായത്തോടെ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് നിർമ്മിക്കുന്ന മുറയ്ക്ക് ഈ സ്ഥലത്ത് ശേഖരിച്ച് വച്ചിട്ടുള്ള പ്ലാസ്റ്റിക് നീക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുന്നതിനുള്ള ബോധവൽക്കരണ പരിപാടികൾ കാര്യക്ഷമമായി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ